# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 12, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 356)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 1874 മുതൽ 1987 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 1988 മുതൽ 2056 വരെ |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | 2057 മുതൽ 2102 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | 2103 മുതൽ 2229 വരെ |

## രണ്ടാം വാർഷികത്തിൽ ആവിഷ്ക്കരിക്കുന്ന പുതിയ പരിപാടികൾ

1874 ശ്രീ. സണ്ണി ജോസഫ്
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ രണ്ടാം വർഷത്തിലേയ്ക്ക് പ്രത്യേക പരിപാടികൾ പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇല്ലെങ്കിൽ എന്തൊക്കെ പരിപാടികളാണ് ഇനി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വിഷൻ 2030, പ്രകടന പത്രിക, ബഡ്ജറ്റ്, നയപ്രഖ്യാപനം എന്നിവയിലെ പരിപാടികൾ നടപ്പാക്കാൻ ഊന്നൽ നൽകുന്ന കാര്യം ആലോചിക്കുമോ ?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ ചെലവഴിക്കൽ

1875 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിൽ മുഖ്യമന്ത്രിയുടെ നിയന്ത്രണത്തിലുള്ള വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇനിയും നടപ്പിലാക്കിയിട്ടില്ലാത്തവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിൽ ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു; ഇതിൽ എത്ര തുക ചെലവഴിക്കാൻ സാധിച്ചു; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ</u>

1876 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിന് വേണ്ടി ഇതേവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പല സർക്കാർ വകുപ്പുകളും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>മാതൃഭാഷ മലയാളം പദ്ധതിയും ലാംഗേജ് എക്സ്പര്‍ട്ട് തസ്തികയും</u>

1877 ശ്രീ. എ. എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍വ്വീസില്‍ എത്ര ലാംഗേജ് എക്സ്പര്‍ട്ട് (ഭാഷാ വിദഗ്ദന്‍) തസ്തികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയുടെ ചുമതലകള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) മാതൃഭാഷ മലയാളം പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് ഈ തസ്തികയുടെ എണ്ണം പര്യാപ്തമാണോ;

(ഡി) സര്‍ക്കാര്‍ കാര്യാലയങ്ങളില്‍ പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കാന്‍ ജില്ലാതലത്തില്‍ ലാംഗേജ് എക്സ്പര്‍ട്ട് തസ്തിക സൃഷ്ടിച്ച് പരിശോധനയും വിലയിരുത്തലും കാര്യക്ഷമമാക്കുമോ;

(ഇ) ഔദ്യോഗിക ഭാഷ സംബന്ധിച്ച നിയമസഭാ സമിതി (2011-14) യുടെ 1-ാം റിപ്പോര്‍ട്ടിന്‍ പ്രകാരം മാതൃഭാഷ മലയാളം പദ്ധതി കൂടുതല്‍ കാര്യക്ഷമമാക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ഔദ്യോഗിക ചടങ്ങുകളിൽ ജനപ്രതിനിധികളെ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ</u>

1878 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ ഔദ്യോഗിക പരിപാടികളുമായി ബന്ധപ്പെട്ട് ചടങ്ങുകളിൽ ജനപ്രതിനിധികളെ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പ്രോട്ടോകോൾ മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

കേരള ഇന്നാവേഷൻ മിഷൻ രൂപീകരണം

1879 ശ്രീ. സി.ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള ഇന്നൊവേഷൻ മിഷൻ രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ ആസ്ഥാനം എവിടെയാണ്; എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്; ഈയിനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ശ്രീലങ്കൻ ജയിലിൽ കഴിയുന്ന മലയാളികളുടെ മോചനത്തിനുള്ള നടപടി</u>

1880 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീലങ്കൻ ജയിലിൽ കഴിഞ്ഞ 18 വർഷമായി കഴിയുന്ന മലയാളികളുടെ മോചനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രി വിളിച്ചുചേർത്ത എം.പി മാരുടെ യോഗത്തിൽ ഈ വിഷയം ഉന്നയിക്കപ്പെട്ടിരുന്നോ;

(സി) എങ്കിൽ മുഖ്യമന്ത്രി അതിന് നൽകിയ മുറപടി എന്തായിരുന്നു;

(ഡി) ഈ യോഗശേഷം ഈ വിഷയത്തിൽ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികളെന്തൊക്കെയെന്നും ഓരോന്നും ഏത് തീയതികളിൽ എന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കടൽക്കൊള്ളക്കാരുടെ തടവിലായ മലയാളികളുടെ മോചനം</u>

1881 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 10 മാസം മുമ്പ് ഒമാൻ നിയന്ത്രണത്തിലുള്ള 'റോയൽ ഓയിസ്റ്റർ' എന്ന കപ്പൽ സൊമാലിയൻ കടൽക്കൊള്ളക്കാർ റാഞ്ചിയതിനെതുടർന്ന് അവരുടെ തടവിലായ അഞ്ചുമലയാളികളെ മോചിപ്പിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന സർക്കാറിനെ അറിയിച്ച കാര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

അബ്ദുൽ നാസർ മദനിക്ക് നീതി ലഭിക്കാൻ സ്വീകരിച്ച നടപടികൾ

1882 ശ്രീ. എം.എ.ബേബി
ഡോ. കെ.ടി.ജലീൽ
ശ്രീ. പി.റ്റി.എ.റഹീം
,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബംഗളൂരുവിൽ ജയിലിൽ കിടക്കുന്ന അബ്ദുൽ നാസർ മദനിക്ക്, ഇന്ത്യയിൽ ഏത് പൗരനും അവകാശപ്പെട്ട നീതിയും മാനുഷിക പരിഗണനയും ലഭിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) നിരപരാധിത്വം തെളിയിക്കാൻ എടുത്ത ഒമ്പതര വർഷം ജയിലിൽ കഴിഞ്ഞ മദനി, മറ്റൊരു കേസിൽ പ്രതിചേർക്കപ്പെട്ടയാളുടെ മൊഴിയുടെ മാത്രം അടിസ്ഥാനത്തിലാണിപ്പോൾ ബംഗളൂരുവിൽ ജയിലിൽ അടയ്ക്കപ്പെട്ടതെന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) മാനുഷികമായ പരിഗണന മദനിക്ക് ലഭിക്കാത്ത സാഹചര്യത്തിൽ മനുഷ്യാവകാശത്തിനുവേണ്ടി, കർണ്ണാടക ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതുൾപ്പെടെ മറ്റെന്തെല്ലാം നടപടികളാണ് ഉചിതമായിട്ടുള്ളതെന്ന് സർക്കാർ ആലോചിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മദനിയുടെ ആരോഗ്യനിലയെ സംബന്ധിച്ച ആറുമാസത്തെ മെഡിക്കൽ റിപ്പോർട്ട് രേഖാമൂലം സർക്കാരിന് ലഭ്യമായോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ഐ. എസ്. ആർ. ഒ. ചാരക്കേസ്സ്</u>

1883 ശ്രീ. വി. ശിവൻകുട്ടി
,, കെ. വി. വിജയദാസ്
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എസ്. ആർ. ഒ ചാരക്കേസ്സിൽ കുറ്റക്കാരെന്ന് സിബിഐ കണ്ടെത്തിയവർക്കെതിരെ നടപടി വേണ്ടെന്ന സർക്കാർ തീരുമാനം പുന:പരിശോധിക്കുന്നുണ്ടോ;

(ബി) ഇതിനായി അന്നത്തെ മുഖ്യമന്ത്രിമാരുടെ ബന്ധുക്കൾ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ചാരക്കേസ്സിന്റെ പിന്നിൽ പ്രവർത്തിച്ചവരെ കണ്ടെത്താനും ഗൂഢാലോചന പുറത്തുകൊണ്ടുവരാനും ഇതു സംബന്ധിച്ച സിബിഐ ശുപാർശ നടപ്പിലാക്കി കിട്ടാനും ഡോ. നമ്പിനാരായണൻ ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതായി അറിയാമോ; ഈ ഹർജിയിൽ കോടതിയെ അറിയിച്ച സർക്കാർ നിലപാട് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ബാങ്കുകളുടെ നിക്ഷേപ വായ്പ അനുപാതം</u>

T1884 ശ്രീ. എളമരം കരീം
ശ്രീമതി അയിഷാ പോറ്റി
ശ്രീ. ജെയിംസ് മാത്യൂ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാങ്കളുടെ നിക്ഷേപ വായ്പ അനുപാതം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെയും ഈ വർഷം ഇതേ വരെയുമുള്ള ബാങ്കുകളുടെ നിക്ഷേപ-വായ്പ അനുപാതം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ; വിശദമാക്കുമോ; എൻ.ആർ.ഐ. അക്കൗണ്ടുകളിലൂടെ സംസ്ഥാനത്തെ ബാങ്കുകൾ കരസ്ഥമാക്കിയ നിക്ഷേപങ്ങൾ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ;

(സി) ഇന്ത്യൻ ബാങ്കുകളിൽ വിദേശ കുത്തകകൾക്ക് ഓഹരി കരസ്ഥമാക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയതിലൂടെ സംസ്ഥാന സമ്പദ്ഘടനയുടെയും നിക്ഷേപങ്ങളുടെയും താല്പര്യങ്ങൾ ഹനിക്കപ്പെടാൻ പോവുകയാണെന്നത് പരിഗണിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് വായ്പ നൽകാൻ ബാങ്കുകൾ കാണിക്കുന്ന വിമുഖതയെക്കുറിച്ച് അറിയുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

## ഭരണസംവിധാനത്തെക്കുറിച്ച് യു.എൻ.ഡി.പി.യുടെ അഭിപ്രായങ്ങൾ

1885 ശ്രീ. ലൂഡി ലൂയിസ്
,, വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ നേരിൽകണ്ട് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരിൽനിന്നും പാഠങ്ങൾ ഉൾക്കൊള്ളുന്നതിനും ചെയ്യുന്ന സംസ്ഥാനത്തെ ഭരണരീതിക്ക് ഐക്യരാഷ്ട്രസഭയുടെ പ്രശംസ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് യു.എൻ.ഡി.പി.യുടെ അഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ എന്തെലലാം;

(സി) ഈ ഭരണരീതി പഠനവിധേയമാക്കുവാൻ യുണൈറ്റഡ് നാഷൻസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

ഔദ്യോഗിക വെബ്സൈറ്റ്

1886 ശ്രീ. എം. ഉമ്മര്‍
,, എന്‍. ഷംസുദ്ദീന്‍
,, പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ വിവരങ്ങള്‍ അപ്ഡേറ്റ് ചെയ്യുന്നില്ലെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നല്‍കുമോ;

(സി) ഇല്ലെങ്കില്‍ പി.എസ്.സിയിലെ വിവരങ്ങള്‍ ഉള്‍പ്പെടെയുള്ള ഔദ്യോഗിക വെബ്സൈറ്റിലെ വിവരങ്ങള്‍ അപ്ഡേറ്റ് ചെയ്യാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>വെബ്സൈറ്റിൽ ഗവൺമെന്റ് ഉത്തരവുകൾ</u>

1887 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇന്നു വരെ ഓരോ വകുപ്പിൽ നിന്നും എത്ര ഗവൺമെന്റ് ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി;

(ബി) എല്ലാ വകുപ്പുകളിൽ നിന്നും പ്രസ്തുത കാലയളവിൽ പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ് ആന്റ് ന്യൂമീഡിയാ വിഭാഗം വഴി യഥാസമയം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനകം പ്രസിദ്ധീകരിക്കാത്ത എത്ര ഉത്തരവുകളുണ്ടെന്നും അവ ഏതൊക്കെയെന്നും ഏതെല്ലാം വകുപ്പുകളുടേതാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ഔദ്യോഗിക വെബ്സൈറ്റ് മുഖേന ലഭിച്ച പരാതികൾ</u>

1888 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ഓൺലൈനായി ഇതുവരെ എത്ര പരാതികൾ ലഭിച്ചു ; നേരിട്ട് ലഭിച്ച പരാതികൾ എത്ര;

(ബി) ലഭിച്ച പരാതികളിൽ അന്തിമതീരുമാനം ഉണ്ടായവ എത്രയാണ് ; ഇപ്പോഴും പരിശോധനയിൽ ഇരിക്കുന്നവ എത്ര?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ബഹുജന സമ്പർക്ക പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ</u>

1889 ശ്രീ. ഡോമിനിക് പ്രസന്റേഷൻ
'' റ്റി. എൻ. പ്രതാപൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്കപരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ;

(ബി) ഈ പരിപാടി എവിടെയൊക്കെയാണ് നടന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര ലക്ഷം പരാതികളിലാണ് ഈ പരിപാടിയിലൂടെ പരിഹാരം കണ്ടത്; വിശദമാക്കുമോ;

(ഡി) എത്രകോടി രൂപയുടെ ധനസഹായമാണ് സാധാരണ ജനങ്ങൾക്ക് ധനസഹായമായി അനുവദിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

ജനസമ്പര്‍ക്കപരിപാടിയുടെ ആദ്യഘട്ടത്തിന്റെ പ്രവര്‍ത്തനം

1890 ശ്രീ. ബെന്നി ബെഹനാന്‍
,, ജോസഫ് വാഴക്കന്‍
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജനസമ്പര്‍ക്കപരിപാടിയുടെ ആദ്യഘട്ടത്തിന്റെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പൗരന്മാര്‍ക്ക് അടിയന്തിരാശ്വാസം നല്‍കാനും, ആയിരക്കണക്കിനാളുകളുടെ പ്രശ്നങ്ങള്‍ക്കു പരിഹാരം കാണുവാനും പ്രസ്തുതപരിപാടി എത്രമാത്രം സഹായിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) പ്രസ്തുതപരിപാടിയില്‍ നിന്നു പാഠങ്ങള്‍ ഉള്‍ക്കൊള്ളുവാനും, അതിനെ വിശകലനം ചെയ്തുകൊണ്ട് ചിട്ടയുള്ളതും ശാശ്വതവുമായ പരിഹാരമാര്‍ഗ്ഗങ്ങള്‍ സര്‍ക്കാരിന്റെ വിവിധതലങ്ങളില്‍ ചര്‍ച്ചചെയ്തു കണ്ടെത്തുന്നതിനും എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ തീർപ്പാകാത്ത പരാതികൾ

1891 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കാനാകാതെ കിടക്കുന്ന അപേക്ഷകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ; ഇവ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി</u>

1892 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ വെച്ച് നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ജില്ലയിൽ നിന്നും ദുരിതാശ്വാസ നിധിയിൽനിന്നുമുള്ള സഹായത്തിനൊഴികെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര എണ്ണത്തിൽ തീർപ്പു കൽപ്പിച്ചിട്ടുണ്ട്; തീർപ്പു കൽപ്പിച്ച അപേക്ഷകരുടെ പേരും വിലാസവും ബന്ധപ്പെട്ട വിഷയവും അറിയിക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ നടന്ന ജനസമ്പർക്ക പരിപാടി</u>

1893 ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി പാലക്കാട് ജില്ലയിൽ എന്നാണ് നടന്നത്;

(ബി) പ്രസ്തുത പരിപാടിയിൽ എത്ര ആളുകൾ പങ്കെടുത്തു; എത്ര പരാതികൾ രജിസ്റ്റർ ചെയ്തു; എത്ര എണ്ണത്തിൽ ഉടനടി തീരുമാനമെടുത്തു;

(സി) ജനസമ്പർക്ക പരിപാടിയിൽ വച്ച് ദുരിതാശ്വാസ നിധി യിൽ നിന്നും എത്ര പേർക്ക് തുക അനുവദിച്ചു; എത്ര തുക വീതം അനുവദിച്ചു;

(ഡി) എത്ര അപേക്ഷകൾ വിവിധ ഓഫീസുകളിലേക്ക് അയച്ചു; അതിൻമേൽ എത്ര എണ്ണത്തിൽ നാളിതുവരെ തീർപ്പുകൽപ്പിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇനിയും എത്ര അപേക്ഷകൾ തീർപ്പ് കൽപ്പിക്കാനുണ്ട്; ആരാണ് തീർപ്പ് കൽപ്പിക്കേണ്ടത്; വിശദാംശം ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച നിർമ്മാണ പ്രവർത്തികൾ</u>

1894 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖ പദ്ധതി, കൊച്ചി മെട്രോ റെയിൽ ഇവ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) കാസർഗോഡ്, ചീമേനി, ഗ്യാസ് ബെയ്സ്ഡ് പവർ പ്ലാന്റ് നിർമ്മാണത്തിന് ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച ഏതെല്ലാം നിർമ്മാണ പ്രവർത്തികൾ ഇനിയും ആരംഭിക്കാനുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

എയർ - ഇന്ത്യയിലെ ടിക്കറ്റ് നിരക്ക് വർദ്ധനവ്

1895 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രിസ്തുമസ് - പുതുവത്സരക്കാലത്ത് എയർ ഇന്ത്യ ടിക്കറ്റ് നിരക്കിൽ വൻവർദ്ധനവ് വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിരക്ക് വർദ്ധനവിനെതിരെ കേന്ദ്ര ഗവൺമെന്റിൽ പരാതി അറിയിച്ചിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.02.2013-ലെ മറുപടിക്ക്**

<u>വില നിലവാരം</u>

T1896 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സത്യപ്രതിജ്ഞ ചെയ്ത ദിവസം സംസ്ഥാനത്ത് പാൽ, അരി, റേഷൻ അരി, റേഷൻ ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, വൈദ്യുതി ചാർജുകൾ, ബസ് ചാർജുകൾ, വെള്ളക്കരം, ആട്ടോ ചാർജുകൾ, പെട്രോൾ, ഡീസൽ, പാചക വാതകം വിലനിരക്ക് ഔദ്യോഗിക കണക്കുകൾ പ്രകാരം എത്രയായിരുന്നു;

(ബി) അത് ഓരോന്നും ഇപ്പോൾ എത്രയാണെന്നും എത്ര ശതമാനം വർദ്ധന ഉണ്ടായെന്നും വിശദമാക്കാമോ;

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ഡീസൽ വില നിയന്ത്രണം</u>

1897 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റ് ഡീസൽ വിലനിയന്ത്രണം എടുത്തുകളഞ്ഞതിൽ എണ്ണക്കമ്പനികളുടെ ലാഭം ഗണ്യമായി വർദ്ധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൽ സംസ്ഥാന സർക്കാരിന്റെ സമീപനമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഡീസൽ വിലനിയന്ത്രണം പുനസ്ഥാപിക്കണം എന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

ചെലവ് ചുരുക്കലിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ

T 1898 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെലവ് ചുരുക്കലിന്റെ ഭാഗമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; മന്ത്രിമാരും ഉന്നതഉദ്യോഗസ്ഥരും ഏതെല്ലാം കാര്യങ്ങളിൽ എന്തെല്ലാം നിലയിലുള്ള ചെലവുകൾ വെട്ടിച്ചുരുക്കുകയുണ്ടായി ;

(ബി) സർക്കാർ മീറ്റിംഗുകൾ സർക്കാർ സംരംഭമായ മസ്ക്കറ്റ് ഹോട്ടലിൽ നടത്താതെ ഉയർന്ന സ്റ്റാർ ഹോട്ടലുകളിൽ നടത്തിയിട്ടുണ്ടോ ;

(സി) ആർഭാടത്തിനും അനാവശ്യമായും ചെലവുകൾ വരുത്തിയതിന്റെ പേരിൽ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിക്കുകയുണ്ടായോ ; വിശദമാക്കാമോ ;

(ഡി) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം വഴി ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ഇ) ചെലവ് ചുരുക്കൽ സംബന്ധമായ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതിന്റെ പേരിൽ എത്ര കേസുകളിൽ നടപടി സ്വീകരിച്ചു ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെയും ചീഫ് വിപ്പിന്റേയും വിദേശയാത്ര</u>

1899 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം മന്ത്രിമാർ എത്ര തവണ ഏതെല്ലാം വിദേശ രാജ്യങ്ങളിലേയ്ക്ക് യാത്ര നടത്തുകയുണ്ടായി;

(ബി) ഇതിൽ ഔദ്യോഗികമല്ലാത്ത യാത്രകൾ ഉണ്ടായിരുന്നോ; എങ്കിൽ ഏതൊക്കെ; ഗവൺമെന്റ് ചീഫ് വിപ്പ് എത്ര തവണ വിദേശയാത്ര നടത്തി;

(സി) ഔദ്യോഗിക വിദേശ യാത്രകൾക്കു വേണ്ടി ഓരോ മന്ത്രിക്കും ചീഫ് വിപ്പിനും എത്ര തുക വീതം ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി ഇല്ലാതെ ഏതെങ്കിലും മന്ത്രി വിദേശപര്യടനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

ഔദ്യോഗികാവശ്യങ്ങൾക്കായി മന്ത്രിമാരുടെ അന്യസംസ്ഥാന സന്ദർശനം

1900 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര മന്ത്രിമാർ ഔദ്യോഗികാവശ്യത്തിനായി കേരളത്തിന് പുറത്ത് മറ്റ് സംസ്ഥാനങ്ങളിൽ സന്ദർശനം നടത്തി എന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ മന്ത്രിക്കും ഏതൊക്കെ സംസ്ഥാനങ്ങളിലാണ് യാത്ര പോയതെന്നും എത്ര തവണ യാത്ര നടത്തിയെന്നും വ്യക്തമാക്കാമോ ;

(സി) ഇതുമൂലം സംസ്ഥാന ഖജനാവിൽ നിന്നുണ്ടായ ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സന്ദർശനം മൂലം സംസ്ഥാനത്തിന് പുതുതായി ലഭ്യമാക്കിയ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ ആഫീസ്, ഔദ്യോഗിക വീട് എന്നിവിടങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ</u>

1901 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ ആഫീസ്, ഔദ്യോഗിക വീട് എന്നിവിടങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ എല്ലാ ഇനം ചെലവുകളും സംബന്ധിച്ച് വിശദമാക്കുമോ; മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിന്റെയും ശമ്പളം, ടി.എ, മെഡിക്കൽ റീ ഇംമ്പേഴ്സ്മെന്റ്, തേയില സൽക്കാരം തുടങ്ങി ഓരോ ഇനത്തിലും ചെലവായ തുക പ്രത്യേകമായി വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞവയ്ക്ക് ഓരോന്നിനും ഈ വർഷം ഇതേ വരെ എന്ത് തുക വീതം ഓരോ മന്ത്രിക്കും ഗവൺമെന്റ് ചീഫ് വിപ്പിനും പേഴ്സണൽ സ്റ്റാഫിനും വേണ്ടി ചെലവായിട്ടുണ്ട്?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ ഔദ്യോഗിക വസതികളിൽ പുതിയ സൗകര്യങ്ങൾ</u>

1902 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഓരോ മന്ത്രിയുടേയും ഔദ്യോഗിക വസതിയിൽ എന്തെല്ലാം പുതിയ സൗകര്യങ്ങളാണ് ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിരുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

മന്ത്രിമന്ദിരങ്ങളുടെ പേര് മാറ്റൽ

1903 ശ്രീ. പി. റ്റി. എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെങ്കിലും മന്ത്രി മന്ദിരങ്ങുടെ പേരുകൾ മാറ്റിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പേരുകളാണ് മാറ്റിയത് എന്ന് വ്യക്തമാക്കുമോ;

(സി) മന്ത്രിമന്ദിരങ്ങളുടെ പേരുകൾ ആദ്യഘട്ടത്തിൽ നിശ്ചയിക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്താണ്?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

സർക്കാർ സ്ഥാപനങ്ങളിലെ വൈദ്യുതിയുടെയും വെള്ളത്തിന്റെയും അമിത ഉപഭോഗം

1904 ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിലെ വൈദ്യുതിയുടെയും വെള്ളത്തിന്റെയും അമിത ഉപഭോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വിവിധ വകുപ്പുകൾക്ക് പുതിയ വാഹനങ്ങൾ</u>

1905 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ വകുപ്പുകൾക്കായി എത്ര വാഹനങ്ങൾ പുതുതായി വാങ്ങി;

(ബി) ഇതിൽ ഓരോ മന്ത്രിയും വാങ്ങിയ വാഹനവും അതിന്റെ വിലയും വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സേവനാവകാശനിയമം</u>

1906 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശനിയമത്തിലെ 3-ാം വകുപ്പ് നിഷ്ക്കർഷിക്കുന്നതുപോലെ നിയമം പ്രാബല്യത്തിൽ വന്ന് ആറുമാസത്തിനുള്ളിൽ എത്ര സർക്കാർ വകുപ്പുകൾ അവരവർ നൽകാനുദ്ദേശിക്കുന്ന സേവനങ്ങളെ സംബന്ധിച്ചുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളാണ് പ്രസ്തുത നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനുള്ളതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം</u>

1907 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സേവനാവകാശ നിയമത്തിന്റെ ഭാഗമായി ഇതുവരെ ഏതെല്ലാം സംസ്ഥാന സർക്കാർ വകുപ്പുകൾ അവ നൽകുന്ന സേവനങ്ങൾ, നിശ്ചിത സമയ പരിധി എന്നിവ സംബന്ധിച്ച വിജ്ഞാപനങ്ങൾ നടത്തിയിട്ടുണ്ട്?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം പ്രാബല്യത്തില്‍</u>
<u>വരുത്തുന്നതിനുവേണ്ട അവശ്യസൗകര്യങ്ങള്‍</u>

1908 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സേവനാവകാശ നിയമം ഏതെല്ലാം വകുപ്പുകളില്‍ പ്രാബല്യത്തില്‍ വന്നു എന്നു വ്യക്തമാക്കുമോ;

(ബി) സേവനാവകാശ നിയമം നടപ്പിലാക്കുന്നതിനു മുന്നോടിയായി സര്‍ക്കാര്‍ ചെയ്ത മുന്നൊരുക്കങ്ങള്‍ വിശദമാക്കുമോ;

(സി) ഏതെല്ലാം സര്‍വ്വീസ് സംഘടനകളുമായി ഇതു സംബന്ധിച്ച് ചര്‍ച്ചകള്‍ നടത്തിയെന്നും ഏതെല്ലാം സര്‍വ്വീസ് സംഘടനകള്‍ നിര്‍ദ്ദേശങ്ങള്‍ നല്‍കിയെന്നും പറയാമോ;

(ഡി) സേവനാവകാശ നിയമം നടപ്പിലാക്കുന്നതിനു മുമ്പ് എല്ലാ വകുപ്പുകളിലും എല്ലാ ഓഫീസുകളിലും അടിസ്ഥാന സൗകര്യങ്ങളും ആവശ്യത്തിനുള്ള ജീവനക്കാരുടെ എണ്ണവും നിലവിലുള്ള നിയമങ്ങളിലെ അപര്യാപ്തതയും ജനങ്ങള്‍ക്ക് സേവനം ലഭിക്കുന്നതിന് യാതൊരു വിധ തടസ്സവും ഉണ്ടാക്കില്ല എന്ന് ഉറപ്പ്വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കില്‍ ഈ നിയമം എപ്രകാരം ഉദ്ദേശിക്കുന്ന പ്രയോജനം ജനങ്ങള്‍ക്ക് ഉണ്ടാക്കുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>സർക്കാർ രേഖകളുടെ ഡിജിറ്റൈസേഷൻ</u>

1909 ശ്രീ. എം. ഉമ്മർ
,, പി. ഉബൈദുള്ള
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ രേഖകളുടെ ഡിജിറ്റൈസേഷൻ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി നാളിതുവരെ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ഐഡിയാസ് സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

1910 ശ്രീ. പി. സി. വിഷ്ണുനാഥ്
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഐഡിയാസ്' സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) ഫയലുകളുടെ നീക്കം നിരീക്ഷിക്കുന്നതിന് എന്തെല്ലാം സൗക ര്യങ്ങളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം വകുപ്പുകളിൽ ഈ സംവിധാനം നിലവിലുണ്ട് ;

(ഡി) എല്ലാ പ്രധാന സർക്കാർ ഓഫീസുകളിലും ഇതു വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(എ) പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് വഴി വിവരങ്ങൾ അറിയുവാനുള്ള സംവിധാനം ഒരുക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

2013 സെക്രട്ടേറിയറ്റ് വകുപ്പുകളിലെ ഫയലുകളും തപാലുകളും

1911 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ 2013 ജനുവരി 1-ാം തീയതി മുതൽ 11-ാം തീയതി വരെ ഓരോ വകുപ്പിലും ഓരോ ദിവസം രജിസ്റ്റർ ചെയ്ത തപാലുകളുടെ എണ്ണം വകുപ്പനുസരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ ദിവസങ്ങളിൽ പുതുതായി ആരംഭിച്ച ഫയലുകളുടെ എണ്ണവും, അവയിൽ തീർപ്പ് കൽപ്പിച്ച ഫയലുകളുടെ എണ്ണവും നൽകാമോ;

(സി) ഈ ദിവസങ്ങളിൽ തീർപ്പാക്കിയ പഴയ ഫയലുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ടൈം ചാർട്ട്/ഫയൽ ഡയറി</u>

1912 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ ഓരോ ഫയലിനോടൊപ്പവും ഓരോ ഉദ്യോഗസ്ഥനും അത് സ്വീകരിക്കുന്നതും തന്റേതായ ചുമതല നിർവ്വഹിച്ച് കൈമാറുന്നതുമായ തീയതികൾ രേഖപ്പെടുത്തുന്ന ഒരു ടൈം ചാർട്ട്/ഫയൽ ഡയറി ഉണ്ടാവണമെന്ന് നിർദ്ദേശിക്കാമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന സർക്കാർ ഓഫീസുകളുടെ പ്രവർത്തനം അഞ്ചു ദിവസമാക്കുന്നതിനുള്ള നടപടി</u>

1913 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഓഫീസുകളുടെ പ്രവർത്തനം ആഴ്ചയിൽ അഞ്ച് ദിവസമായി പുതുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ജോലി സമയം എങ്ങനെ ക്രമീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് നടപ്പിൽ വരുത്തുമ്പോൾ ജീവനക്കാർക്ക് നിലവിലുള്ള കാഷ്വൽ അവധി കുറവ് വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ജീവനക്കാരുടെ ആത്മാർത്ഥതയ്ക്കും സത്യസന്ധതയ്ക്കും ശമ്പളേതര ആനുകൂല്യം</u>

1914 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരിൽ ആത്മാർത്ഥമായും സത്യസന്ധമായും ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പളമല്ലാതെ എന്തെങ്കിലും ആനുകൂല്യം നിലവിൽ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഫയലുകളും തപാലുകളും വേഗം തീർപ്പുകൽപിക്കുന്നതിനും ജനങ്ങൾക്ക് എത്രയും വേഗം നീതി ലഭിക്കുന്നതിനും മികച്ച നിലയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് അധിക ഇൻക്രിമെന്റ്, മെരിറ്റ് സർട്ടിഫിക്കറ്റ്, പ്രൊമോഷന് പ്രത്യേക പരിഗണന, പോലീസ് സേനയിൽ നൽകുന്നതുപോലെ പ്രത്യേക സേവനമികവ് അവാർഡുകൾ എന്നിവ ഏർപ്പെടുത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>പുതിയ തസ്തികകൾ</u>

1915 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വെട്ടിക്കുറച്ച തസ്തികകൾ</u>

1916 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി എത്ര തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്നും, അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്നും, അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കഴിഞ്ഞ സർക്കാറിന്റെ കാലത്ത് നിയമിക്കപ്പെട്ടതും നിലവിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ തുടരുന്നതുമായവർ</u>

1917 ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ വകുപ്പുകളിലും, വകുപ്പുകളിൻ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിലും, അർദ്ധസർക്കാർ സ്ഥാപനങ്ങളിലും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ടതും നിലവിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ തുടരുന്നതുമായവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>അന്തർ ജില്ലാ സ്ഥലമാറ്റം</u>

1918 ശ്രീ. കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ പി.എസ്.സി, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, നിയമസഭാ സെക്രട്ടേറിയറ്റ് മുതലായ സ്ഥാപനങ്ങളിൽ ഓഫീസ് അറ്റന്റന്റ്മാർക്ക് അന്തർ ജില്ലാ സ്ഥലമാറ്റം അനുവദിക്കുമ്പോൾ അവർ പരീക്ഷ എഴുതിയ മാതൃജില്ലകളിൽ അഡൈ്വസ് തീയതി മുതൽ സീനിയോറിറ്റി ലഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ;

(സി) സെക്രട്ടേറിയറ്റിൽ നിന്നും അന്തർജില്ലാ സ്ഥലമാറ്റം ലഭിക്കുന്ന ജീവനക്കാർക്ക് അവരുടെ മാതൃജില്ലകളിൽ സീനിയോറട്ടി അനുവദിച്ചു കിട്ടുന്നൂണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിയമസഭാ സെക്രട്ടേറിയറ്റിൽ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമനം ലഭിക്കുന്നവർക്ക് പ്രസ്തുത ആനുകൂല്യം ഇപ്പോൾ ലഭ്യമാണോ;

(ഇ) 04.03.2010 ൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറത്തിറക്കിയ GOP 5/10 അനുസരിച്ച് എല്ലാ ഓഫീസ് അറ്റന്റന്റ് ജീവനക്കാർക്കും അവരുടെ അഡൈ്വസ് സീനിയോറിറ്റി അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ഇത്തരം അന്തൽ ജില്ലാ സ്ഥലമാറ്റം മ്യൂച്ചൽ ട്രാൻസ്ഫർ മുഖേന സ്വന്തം ജില്ലകളിൽ നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് അവരുടെ അഡൈ്വസ് സീനിയോറിട്ടി ലഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

(എഫ്) ഒരിക്കൽ പ്രൊബേഷൻ പൂർത്തിയാക്കിവർക്ക് വീണ്ടും പ്രൊബേഷൻ പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ഒഴിവാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ക്ലാസ്സ് III തസ്തികയിലേക്കുള്ള പ്രൊമോഷൻ</u>

1919 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അതാത് വകുപ്പുകളിൽ ക്ലാസ്സ് III തസ്തികകളിലേക്ക് നിശ്ചിത ശതമാനം പ്രൊമോഷൻ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>പങ്കാളിത്തപെൻഷൻ</u>

1920 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി, കെ.എസ്.ആർ.റ്റി.സി., കെ.എസ്.ഇ.ബി., പോലീസ് സേന, ഹെൽത്ത് തുടങ്ങിയ അവശ്യസർവ്വീസുകൾ ഒഴികെയുള്ള വകുപ്പുകളിൽ ഓരോന്നിലെയും സ്ഥിരജീവനക്കാരുടെ എണ്ണം എത്രയെന്നു വ്യക്തമാക്കുമോ;

(ബി) 2013 ജനുവരി 8 മുതൽ പങ്കാളിത്തപെൻഷനെതിരെ ആരംഭിച്ച പണിമുടക്കിൽ സമരം നടന്ന ഓരോ ദിവസവും ഈ വകുപ്പുകളിൽ രേഖപ്പെടുത്തിയ ഹാജർനില എത്രയെന്നു വ്യക്തമാക്കുമോ;

(സി) ജനുവരി 8 മുതൽ സമരം നടന്ന ഓരോ ദിവസവും ഓരോ വകുപ്പിലും സമരത്തിൽ പങ്കെടുത്തതിനെത്തുടർന്ന് ഡയസ്നോൺ ബാധകമായ എത്ര ജീവനക്കാർ ഉണ്ടായിരുന്നുവെന്ന് വകുപ്പു തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ</u>

1921 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ സമരത്തിൽ പങ്കെടുത്ത ജീവനക്കാർക്ക് ഡയസ്നോൺ ബാധകമാക്കി ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് നടപ്പാക്കുന്നതിലൂടെ സർക്കാരിന് എത്ര രൂപയുടെ വരുമാനം ഉണ്ടാവും എന്ന് വ്യക്തമാക്കുമോ;

(സി) ഈ സമരത്തിനെതിരെ ബോധവത്ക്കരണത്തിനായി പത്രമാധ്യമങ്ങളിൽ പബ്ലിക് റിലേഷൻസ് വകുപ്പ് എന്തെങ്കിലും പരസ്യം നൽകിയിരുന്നോ; ഉണ്ടെങ്കിൽ ഏതൊക്കെ മാധ്യമങ്ങളിലാണ് പരസ്യം നൽകിയത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പരസ്യങ്ങൾക്കുവേണ്ടി എത്ര രൂപ ചെലവിട്ടു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

1922 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി വളരെ നല്ലാതാണെന്ന് അഭിപ്രായമുണ്ടോ;

(ബി) നിലവിൽ സാമൂഹിക സേവന മേഖലയിൽ കൊടുത്തു കൊണ്ടിരിക്കുന്ന എല്ലാ പെൻഷൻ സമ്പ്രദായങ്ങളും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മന്ത്രിമാർ അവരുടെ സ്റ്റാഫുകൾ എം.എൽ.എ മാർ എന്നിവരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ പെടുത്താൻ ആഗ്രഹിക്കുന്നുണ്ടോ; ഇല്ലായെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; ഉണ്ടെങ്കിൽ എന്നു മുതൽക്കാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പെൻഷൻ പ്രായം ഉയർത്തുന്നതിനുള്ള നടപടി</u>

1923 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പങ്കാളിത്ത പെൻഷൻ നടപ്പിലാക്കാൻ നിശ്ചയിച്ച സാഹചര്യത്തിൽ മറ്റു സംസ്ഥാനങ്ങളിലേതിനു തുല്യമായി പെൻഷൻ പ്രായവും ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ജീവനക്കാരുടെയും അധ്യാപകരുടെയും പണിമുടക്ക്</u>

1924 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പണിമുടക്ക് അവസാനിച്ചതിനുശേഷം പണിമുടക്കിൽ പങ്കെടുത്ത എത്ര ജീവനക്കാരെ ഓരോ വകുപ്പിലും സ്ഥലംമാറ്റിയിട്ടുണ്ട്;

(ബി) പണിമുടക്കിൽ പങ്കെടുത്ത പ്രൊബേഷൻ കാലയളവ് പൂർത്തീകരിക്കാത്ത ജീവനക്കാരെ പിരിച്ചു വിടുന്നതിന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് മുഖ്യമന്ത്രി സംഘടനാ പ്രതിനിധികൾക്ക് നൽകിയ ഉറപ്പിന് വിരുദ്ധമായ നടപടിയല്ലേ ഇത് പുന:പരിശോധിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ജീവനക്കാർ ജനുവരി 8 മുതൽ 13 വരെ നടത്തിയ സമരം</u>

T1925 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർ 2013 ജനുവരി എട്ടു മുതൽ 13 വരെ നടത്തിയ സമരം മൂലം ശമ്പളയിനത്തിൽ എത്ര തുക കുറവ് വന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ദിവസങ്ങളിൽ അടഞ്ഞുകിടന്ന ഓഫീസുകളുടെ എണ്ണം എത്രയെന്നും, അവ ഏതെന്നും വ്യക്തമാക്കുമോ?

(സി) ഓരോ ദിവസവും എത്ര ശതമാനം ജീവനക്കാർ സമരത്തിൽ പങ്കെടുത്തുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പണിമുടക്ക് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട ഉറപ്പുകൾ</u>

1926 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കണമെന്നാവശ്യപ്പെട്ട് നടത്തിയ അനിശ്ചിതകാല പണിമുടക്ക് അവസാനിപ്പിച്ചു കൊണ്ട് സർക്കാരും സംഘടനാ പ്രതിനിധികളും തമ്മിൽ നടന്ന ചർച്ചയിൽ നൽകിയ ഉറപ്പുകൾ പാലിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയുമോ;

(ബി) പണിമുടക്കിനോടനുബന്ധിച്ചുള്ള സസ്പെൻഷൻ നടപടികൾ പിൻവലിക്കുമെന്ന ഉറപ്പ് ഇനിയും നടപ്പിലാക്കാതിരിക്കാനുള്ള കാരണങ്ങൾ പറയുമോ;

(സി) സർക്കാരിൽ നിന്നാവശ്യമായ നിർദ്ദേശങ്ങൾ ലഭ്യമാകാത്തതാണ് ഇത്തരം നടപടികൾ പിൻവലിക്കാൻ വകുപ്പദ്ധ്യക്ഷന്മാർ തയ്യാറാകാത്തതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വകുപ്പദ്ധ്യക്ഷന്മാർക്ക് ഇതുമായി ബന്ധപ്പെട്ട നിർദ്ദേശം നൽകുവാനും പണിമുടക്കിനോടനുബന്ധിച്ചു നടന്ന സസ്പെൻഷനുകൾ പിൻവലിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ജീവനക്കാരുടെ പണിമുടക്ക്</u>

1927 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-ലെ പണിമുടക്കുമായി ബന്ധപ്പെട്ട് നൽകിയ ഉറപ്പുകൾ നടപ്പിലാക്കുന്നതിന് സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) ഇല്ലെങ്കിൽ ഉറപ്പുകൾ പാലിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പണിമുടക്കിൽ പങ്കെടുത്ത ജീവനക്കാർക്കെതിരെ സ്വീകരിച്ച നടപടി</u>

1928 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനുവരി എട്ടു മുതൽ പണിമുടക്കിൽ പങ്കെടുത്ത, ഒരു ക്രിമിനൽ കേസിലും ഉൾപ്പെടാത്ത എത്ര ജീവനക്കാരെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) സമരം നിയമവിരുദ്ധമായി പ്രഖ്യാപിക്കുന്ന എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) സസ്പെൻഷനിലായ ജീവനക്കാരിൽ തിരികെ സർവ്വീസിൽ പ്രവേശിച്ചവർ എത്രയെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സമരത്തെത്തുടർന്ന് സസ്പെന്റ് ചെയ്യപ്പെട്ട ജീവനക്കാരെ തിരിച്ചെടുക്കുന്നത്</u>

1929 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർകോഡ് ജില്ലയിൽ സർക്കാർ ജീവനക്കാരുടെ സമരവുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട് ; പ്രസ്തുത ജീവനക്കാരെ എപ്പോൾ തിരിച്ചെടുക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

ഡൽഹി കേരള ഹൗസിൽ ഭക്ഷണത്തിന്റെ നിരക്കിൽ മാറ്റം

1930 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡൽഹി കേരള ഹൗസിൽ ഭക്ഷണത്തിന്റെ നിരക്കിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) നേരത്തെ ഉണ്ടായിരുന്ന നിരക്ക് അവിടെ വിതരണം ചെയ്യുന്ന ഓരോ ഭക്ഷണത്തിന്റെയും കാര്യത്തിനു എത്രയായിരുന്നു; ഇപ്പോൾ വർധിപ്പിച്ച നിരക്ക് എത്ര; പഴയ നിരക്കിന്റെ എത്ര ശതമാനം വർദ്ധന വരുത്തുകയുണ്ടായി;

(സി) വർദ്ധയ്ക്ക് ആധാരമായ കാരണങ്ങൾ എന്തെല്ലാമായിരുന്നു?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കേരള ഹൗസിലെ ഭക്ഷണവില വര്‍ദ്ധിപ്പിക്കാനുള്ള തീരുമാനം</u>

1931 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ന്യൂഡല്‍ഹി-കേരള ഹൗസിലെ ഭക്ഷണത്തിന്റെ വില വര്‍ദ്ധിപ്പിക്കുവാന്‍ സര്‍ക്കാര്‍ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) കേരള ഹൗസിലെ ഭക്ഷണത്തിന്റെ വില വര്‍ദ്ധിപ്പിക്കാനുണ്ടായ സാഹചര്യങ്ങള്‍ വിശദമാക്കാമോ;

(ഡി) സാധാരണക്കാരായ മലയാളികള്‍ക്കുള്‍പ്പടെ വളരെ പ്രയോജനകരമായ കേരളഹൗസിലെ ഭക്ഷണത്തിന്റെ വിലവര്‍ദ്ധനവ് ഒഴിവാക്കുവാനും പഴയവില പുന:സ്ഥാപിക്കുവാനും നടപടികള്‍ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ആയോധന കലാമേള സംബന്ധിച്ച പരാതി</u>

1932 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് നടന്ന ആയോധന കലാമേളയ്ക്ക് സർക്കാരിൽ നിന്ന് ഫണ്ട് അനുവദിച്ചിരുന്നോ;

(ബി) എത്ര തുകയാണ് വിവിധ വകുപ്പുകൾ നൽകിയത്;

(സി) എത് സംഘടനയ്ക്കാണ് ഫണ്ട് നൽകിയത്;

(ഡി) പ്രസ്തുത സംഘടനകൾക്ക് അംഗീകാര മുണ്ടോ;

(ഇ) ഇത് സംബന്ധിച്ച് മുഖ്യമന്ത്രിക്ക് പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) പ്രസ്തുത പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട്</u>

1933 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയുടെ വികസനപിന്നോക്കാവസ്ഥയ്ക്കു പരിഹാരം കാണാൻ രൂപീകരിച്ച പ്രഭാകരൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ; മുൻഗണനാക്രമത്തിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വയനാട് ന്യൂട്രീഷൻ പദ്ധതി</u>

1934 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.എം.ജി.യുടെ നേതൃത്വത്തിൽ നടത്തുന്ന വയനാട് ന്യൂട്രീഷൻ പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുതപദ്ധതിയുടെ സാദ്ധ്യതാപഠനം നടത്തുന്നതിനാവശ്യമായ ക്വസ്റ്റ്യനയർ, ട്രെയിനിങ് പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുതപദ്ധതി എന്നേയ്ക്കു പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>അഖിലേന്ത്യാ സർവ്വീസുകാരുടെ സേവനം</u>

1935 ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി.കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യാ സർവ്വീസിൽ കേരള കേഡറിൽ ഉള്ളവർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും അല്ലാതെയും സംസ്ഥാനത്തിന് പുറത്ത് പോകുന്നതിനാൽ അവരുടെ സേവനം സംസ്ഥാനത്തിന് ലഭ്യമാകാത്ത സംഗതിയെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം ഓരോ സർവ്വീസിൽ നിന്നും എത്രപേർ വീതം ഇപ്പോൾ പുറത്തുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിനകത്ത് സേവനം ചെയ്യുവാൻ വൈമുഖ്യം കാണിക്കുന്നതിനെക്കുറിച്ച് പഠിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ സേവനം ആകർഷകമാക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>തലസ്ഥാനത്ത് ഹൈക്കോടതി ബെഞ്ച്</u>

1936 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ബെഞ്ച് സ്ഥാപിക്കുന്നതിനു തടസ്സമായി നിൽക്കുന്ന വസ്തുതകൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

ഗ്രാമന്യായാലയങ്ങൾ

1937 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുന്നുമ്മൽ ബ്ലോക്ക് പരിധിയിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഗ്രാമന്യായാലയം സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമന്യായാലയങ്ങളിൽ ഏതെല്ലാം തരത്തിലുള്ള വ്യവഹാരങ്ങളാണ് കൈകാര്യം ചെയ്യുക എന്നും ഇത്തരം കോടതികളുടെ അധികാരപരിധി എന്തായിരിക്കും എന്നും വ്യക്തമാക്കുമോ;

(സി) ആകെ എത്ര കോടതികൾ എവിടെയൊക്കെയാണ് ആരംഭിക്കുക; ഇവയുടെ ഘടനയും പ്രവർത്തനവും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ഗ്രാമീണ കോടതികളും, സായാഹ്ന കോടതികളും സ്ഥാപിക്കുന്നതിനുള്ള നടപടി</u>

1938 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ കോടതികളും, സായാഹ്നകോടതികളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിൽ എവിടെയെല്ലാമാണ് സായാഹ്നകോടതികളും ഗ്രാമീണകോടതികളും തുടങ്ങുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത് എന്നും അവ എന്നുമുതൽ പ്രവർത്തനം ആരംഭിക്കും എന്നും അറിയിക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ധനകാര്യകമ്മീഷൻ ശുപാർശ പ്രകാരം ആറ്റിങ്ങലിൽ കോടതി</u>

1939 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനത്ത് എത്ര കോടതികൾ തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കോടതികൾ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതിൽ ആറ്റിങ്ങൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ചാത്തന്നൂർ, പരവൂർ സബ് കോടതികൾ</u>

1940 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നിലവിലുള്ള കോടതി സബ് കോടതി പദവിയിലേക്ക് ഉയർത്തണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നോ;

(ബി) പ്രസ്തുത ആവശ്യം പരിഗണിക്കുന്നതിന് (71406/ഇ5/12 തീയതി 11.09.2012 ആഭ്യന്തരം) ഹൈക്കോടതി രജിസ്ട്രാറോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിൻപ്രകാരം ആയത് ലഭിച്ചുവോ; വിശദാംശം അറിയിക്കുമോ;

(സി) പരവൂരിൽ, സബ് കോടതി സ്ഥാപിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ;

(ഡി) സബ് കോടതി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപടികളും ഊർജ്ജിതമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കൊട്ടാരക്കര കോടതി സമുച്ചയത്തിലെ ലിഫ്റ്റിന്റെ നിർമ്മാണം</u>

1941 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര കോടതി സമുച്ചയത്തിലെ രണ്ടാമത്തെ ലിഫ്റ്റിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) നിലവിലുള്ള ലിഫ്റ്റിൽ യാത്രക്കാർ കുടുങ്ങിയ എത്ര സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(സി) ആയതിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത ലിഫ്റ്റിന്റെ പ്രവർത്തനത്തിനായി ഓപ്പറേറ്ററെ നിയമിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കേരള അഡ്മിനിസ്ട്രീവ് ട്രൈബ്യൂണൽ തീർപ്പാക്കിയ കേസ്സുകൾ</u>

1942 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ കഴിഞ്ഞ ഒരു വർഷത്തിനിടെ തീർപ്പാക്കിയ കേസ്സുകൾ എത്രയാണ്;

(ബി) ആകെ എത്ര അംഗളാണ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ വേണ്ടത്; ഇപ്പോൾ എത്ര അംഗങ്ങൾ പ്രവർത്തിക്കുന്നു; ശേഷിക്കുന്ന അംഗങ്ങളെ എപ്പോൾ നിയമിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) മുഴുവൻ അംഗങ്ങളും വരുന്നതോടെ കേരള വിദ്യാഭ്യാസ ചട്ടത്തിന്റെ പരിധിയിൽ വരുന്ന കേസ്സുകളും പൊതുമേഖലാ സ്ഥാപനങ്ങളിലെ കേസ്സുകളും ട്രൈബ്യൂണലിൽ ഏറ്റെടുക്കാൻ സാധിക്കുമോ; വിശദമാക്കുമോ;

(ഡി) കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര കേസ്സുകൾ ഫയൽ ചെയ്തു; എത്ര എണ്ണം തീർപ്പാക്കി;

(ഇ) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും എത്ര കേസ്സുകൾ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് കൈമാറിയിട്ടുണ്ട്; ആയതിൽ എത്ര തീർപ്പാക്കിയിട്ടുണ്ട്;

(എഫ്) കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര കേസ്സുകൾ ഹൈക്കോടതിയിൽ അപ്പീൽ പോയി; ആയതിൽ എത്രയെണ്ണം ട്രൈബ്യൂണൽ വിധി ശരി വച്ചു; വിശദമാക്കുമോ;

(ജി) ഹൈക്കോടതിയിൽ നിന്നും സർവ്വീസ് കേസ്സുകൾ തലസ്ഥാനത്തേയ്ക്കു മാറ്റിയതു വഴി സർക്കാരിന് എന്തൊക്കെ അധിക ചെലവുകൾ ഒഴിവാക്കാൻ സാധി

ച്ചുവെന്നും ആയതു വഴി എത്ര തുകയുടെ അധിക ചെലവ് ഒഴിവാക്കാൻ സാധിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന സർക്കാരിന്റെ കീഴിലെ ശാസ്ത്ര സ്ഥാപനങ്ങൾ കേന്ദ്ര സർക്കാരിന് കൈമാറുന്ന നയം</u>

1943

ശ്രീ. എം. ഉമ്മർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. ഷംസുദ്ദീൻ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലെ ശാസ്ത്ര സ്ഥാപനങ്ങൾ കേന്ദ്ര സർക്കാരിന് കൈമാറുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നയം വ്യക്തമാക്കുമോ;

(ബി) മുൻകാലങ്ങളിൽ കേന്ദ്രത്തിന് കൈമാറിയ അത്തരം സ്ഥാപനങ്ങൾ കൈമാറ്റ ശേഷം കൈവരിച്ച നേട്ടങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിന് കേന്ദ്രം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇനി കൈമാറാനുദ്ദേശിക്കുന്ന സ്ഥാപനങ്ങളേതെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

ഡോ. കസ്തൂരിരംഗന്റെ അദ്ധ്യക്ഷതയിലുള്ള ഉന്നതതല സംഘത്തിന്റെ സന്ദർശനം

1944 ശ്രീ. എ. കെ. ബാലൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ ശുപാർശകളെക്കുറിച്ച് പഠിക്കാൻ കേന്ദ്ര സർക്കാർ നിയോഗിച്ച ഡോ. കസ്തൂരിരംഗൻ അദ്ധ്യക്ഷനായ ഉന്നതതല സംഘം പദ്ധതി സ്ഥലങ്ങൾ സന്ദർശിച്ചതായി അറിയാമോ;

(ബി) സംഘത്തിന്റെ സന്ദർശന പരിപാടി സർക്കാരിനെ അറിയിച്ചിരുന്നുവോ; എങ്കിൽ എപ്പോൾ;

(സി) ഏതെങ്കിലും മന്ത്രിമാരിൽ നിന്നും വിവരം ശേഖരിക്കുകയുണ്ടായോ;

(ഡി) കേരളത്തെ ദോഷകരമായി ബാധിക്കുന്ന ശുപാർശകളെ സംബന്ധിച്ച് ഉന്നതതല സംഘത്തെ ബോദ്ധ്യപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ;

(ഇ) ഗാഡ്ഗിൽ കമ്മിറ്റിയുടെ സന്ദർശനത്തിനു മുൻപായി കേരളത്തിന്റെ നിലപാട് രൂപപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ഷെട്ടി കമ്മീഷൻ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടി</u>

1945 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോടതികളിലെ ജീവനക്കാർക്ക് 'ഷെട്ടി കമ്മീഷൻ' നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ എന്നു മുതൽ നടപ്പിലാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ജൈവവൈവിധ്യ സംരക്ഷണം</u>

1946 ശ്രീ. എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ ജൈവവൈവിധ്യ സംരക്ഷണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാം; വിശദമാക്കാമോ;

(ബി) ജൈവവൈവിധ്യ ബോര്‍ഡ് വഴി നടപ്പിലാക്കിവരുന്ന പദ്ധതികള്‍ മുഖാന്തിരം ഉണ്ടായ നേട്ടങ്ങള്‍ എന്തെല്ലാം?

**കേരള നിയമസഭ**
**12.02.2013-ലെ മറുപടിക്ക്**

<u>നഗരങ്ങളിലെ ജൈവസമ്പത്ത് സംരക്ഷണം</u>

1947 ശ്രീ. എം. ഉമ്മര്‍
,, എന്‍. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലെ ജൈവവൈവിദ്ധ്യത്തെക്കുറിച്ച് ഈ സര്‍ക്കാരിന്റെ കാലയളവില്‍ പഠനം നടത്തിയിട്ടുണ്ടോ;

(ബി) നഗരങ്ങളിലെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളത്;

(സി) നഗരങ്ങളിലെ ജൈവസമ്പത്ത് നശിപ്പിക്കുന്നതിനെതിരെ നിയമനിര്‍മ്മാണം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

മാധവ് ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ട്

1948 ശ്രീ. ഇ.പി.ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ടത്തിലെ പാരിസ്ഥിതിക വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള മാധവ് ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ട് പ്രകാരം കേന്ദ്ര പരിസ്ഥിതി മന്ത്രാലയം സംസ്ഥാനത്തിന് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് അയച്ച കത്തുകളുടെയെല്ലാം പകർപ്പുകൾ ലഭ്യാമക്കുമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിനെതിരായി കേരള നിയമസഭ പാസ്സാക്കിയ പ്രമേയം എപ്പോഴാണ് കേന്ദ്ര ഗവൺമെന്റിന് അയച്ചതെന്നും കേന്ദ്ര പരിസ്ഥിതി മന്ത്രലയത്തിൽ നിന്നും ഇതുമായി ബന്ധപ്പെട്ട് മറുപടി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ഹരിത സ്പർശം പദ്ധതി</u>

1949 ശ്രീ. എം.എ.വാഹീദ്
,, പി.എ.മാധവൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഹരിത സ്പർശം പദ്ധതി'യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പരിസ്ഥിതി വിജ്ഞാനം ഗ്രാമങ്ങളിലേക്ക് എത്തിക്കുവാനായി എന്തെല്ലാമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസിയുടെ ആഭിമുഖ്യത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ഓൺലൈൻ പരീക്ഷകൾ</u>

1950 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, ഷാഫി പറമ്പിൽ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി പരീക്ഷകൾ ഓൺലൈനായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

(ബി) എങ്കിൽ എന്തെല്ലാം തയ്യാറെടുപ്പുകളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) എന്ന് മുതലാണ് പ്രസ്തുത രീതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്;

(ഡി) ആദ്യഘട്ടത്തിൽ അപേക്ഷകരുടെ എണ്ണം കുറവുള്ള തസ്തികകളിലേക്ക് ഓൺലൈനായി പരീക്ഷ നടത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

ഒറ്റത്തവണ ഓൺലൈൻ
രജിസ്ട്രേഷൻ സംവിധാനം

1951 ശ്രീ. പാലോട് രവി
,, പി. എ. മാധവൻ
,, ഹൈബി ഈഡൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യിൽ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയതു പ്രകാരം ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) എല്ലാ വിജ്ഞാപനങ്ങളും ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുമോ;

(സി) പുതിയ സംവിധാനത്തെക്കുറിച്ച് ഉദ്യോഗാർത്ഥികളുടെ ഇടയിൽ വേണ്ടത്ര അവബോധം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

പി.എസ്.സിയിലെ ആകെ നിയമനങ്ങൾ

1952 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എസ്.സി വഴി എത്ര നിയമനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പി.എസ്.സി. നിയമന ശുപാർശ</u>

1953 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ നിലവിലുളള പട്ടികയിൽ നിന്ന് ഉദ്യോഗാർത്ഥികളെ നിയമനത്തിന് ശുപാർശ ചെയ്യുവാൻ എത്ര ദിവസം വേണ്ടിവരുന്നു; വ്യക്തമാക്കുമോ;

(ബി) പി.എസ്.സി. അംഗങ്ങളുടെ അംഗീകാരം വൈകുന്നതിലൂടെ നിയമനത്തിന് ശുപാർശ ചെയ്യേണ്ട ഉദ്യോഗാർത്ഥികളുടെ പട്ടിക നൽകുന്നതിന് കാലതാമസം വരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കാലതാമസം പരിഹരിക്കുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>അപ്രഖ്യാപിത നിയമന നിരോധനം</u>

1954 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപ്രഖ്യാപിത നിയമന നിരോധനം നിലവിലുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) പരമാവധി നിയമനം 2013 ഏപ്രിൽ 1 ന് ശേഷം നൽകുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്ന് നീക്കമുണ്ടോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ തന്നെ പി.എസ്.സിയിൽ നിന്ന് അഡ്വൈസ് ചെയ്യുന്നതിനും വകുപ്പുകളിൽനിന്ന് നിയമന നിർദ്ദേശം അയയ്ക്കുന്നതിനും കാലതാമസം നേരിടുന്നത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ നിലവിലുള്ള എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിനും അവയിൽ 2013 മാർച്ച് 31 നകം നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>പി. എസ്. സി. നിയമനങ്ങളുടെ കാലതാമസം</u>

1955 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. നിയമനങ്ങളുടെ കാലതാമസം ഒഴിവാക്കുവാൻ ഓൺലൈൻ പരീക്ഷാസമ്പ്രദായം നടപ്പിലാക്കുമോ;

(ബി) പി. എസ്. സി. നിയമനങ്ങൾ സംബന്ധിച്ച നടപടിക്രമങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ പി.എസ്.സി നിയമനങ്ങൾ</u>

1956 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ ജില്ലാതലത്തിലുള്ള നിയമനത്തിനു എത്ര പി.എസ്.സി. റാങ്ക് ലിസ്റ്റുകളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര നിയമനം നടത്തിയെന്ന് റാങ്ക്ലിസ്റ്റ് തിരിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങൾ</u>

1957 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സർക്കാർ അർധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവിടങ്ങളിൽ കരാറടിസ്ഥാനത്തിലും താൽക്കാലികാടിസ്ഥാനത്തിലും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ പി.എസ്. സിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചോ മുഖേന സംവരണ ചട്ടങ്ങൾ പാലിച്ചുകൊണ്ടല്ലാത്ത ഇത്തരം നിയമനങ്ങൾ നിയന്ത്രിക്കുവാനോ തടയുവാനോ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) സംവരണ ആനുകൂല്യങ്ങൾക്ക് അർഹരായ പട്ടികജാതി വർഗ്ഗ പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവർക്കുള്ള അവസരങ്ങൾ നിഷേധിച്ചുകൊണ്ടുള്ള ഇത്തരം നിയമനങ്ങളെക്കുറിച്ച് അന്വേഷിക്കുവാനും അങ്ങനെ നിയമിക്കപ്പെട്ടവരെ ഒഴിവാക്കി പകരം അർഹരായവരെ ചട്ട പ്രകാരം നിയമിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>സർക്കാർ സർവ്വീസിൽ എസ്.സി/എസ് റ്റി വിഭാഗങ്ങളുടെ പ്രാതിനിധ്യ കുറവ്</u>

1958 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സർക്കാർ സർവ്വീസിൽ എസ്.സി/എസ്.ടി വിഭാഗങ്ങളുടെ പ്രാതിനിധ്യ കുറവ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളിലായി എത്ര തസ്തികകൾ കുറവ് ഉണ്ടെന്ന് കാറ്റഗറി തിരിച്ചു (ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ്) വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് റിസർവ്വ് ചെയ്തു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഗസറ്റഡ് നോൺ ഗസറ്റഡ് ലാസ്ഗ്രേഡ് വിഭാഗങ്ങളിലായി എത്ര തസ്തികകളാണ് റിസർവ്വ് ചെയ്തിട്ടുളളത്;

(സി) പ്രസ്തുത തസ്തികകളിൽ എത്രയെണ്ണം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഈ തസ്തികകളിൽ ഏതിനെങ്കിലും സ്പെഷ്യൽ റൂൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമനം നടത്താൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കോളേജ്, സ്കൂള്‍ അധ്യാപകരുടെ നിയമനത്തിനുള്ള പ്രായപരിധി</u>

1959 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോളേജ്, സ്കൂള്‍ എന്നിവിടങ്ങളിലേയ്ക്കുള്ള അധ്യാപകനിയമനത്തിന് പി. എസ്. സി.ക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി എത്രയാണ്;

(ബി) പെന്‍ഷന്‍ പ്രായം വര്‍ദ്ധിപ്പിച്ച സാഹചര്യത്തില്‍ ഇത് എല്ലാ നിയമനങ്ങള്‍ക്കും ബാധകമാക്കിയിട്ടുണ്ടോ; വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

പത്തനംതിട്ട ജില്ലയിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് നിയമനം

1960 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ വിവിധ വകുപ്പുകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഒഴിവുകളുടെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എല്ലാം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

പി.എസ്.സി ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതിനുള്ള നടപടി

1961 ശ്രീ. എൻ.എ.നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിരമിക്കൽ പ്രായം 56 ആയി ഉയർത്തിയതിനെത്തുടർന്നു പി.എസ്.സി ലിസ്റ്റുകളുടെ കാലാവധി നീട്ടിയിട്ടുണ്ടോ;

(ബി) കാസർകോട് ജില്ലയിൽ 2012 ഡിസംബർ രണ്ടിനു കാലാവധി തീരേണ്ട എച്ച്.എസ്.എ ഇംഗ്ലീഷ് റാങ്ക് ലിസ്റ്റ് കാലാവധി നീട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നീട്ടിയ കാലാവധി;

(സി) പി.എസ്.സി ലിസ്റ്റുകളുടെ കാലാവധി ഒരു വർഷം നീട്ടുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടൽ</u>

1962 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷം കൂടി നീട്ടണമെന്ന സംസ്ഥാന സർക്കാരിന്റെ ശുപാർശയിൽ പി.എസ്.സി എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

**കേരള നിയമസഭ**
**12.02.2013-ലെ മറുപടിക്ക്**

<u>സീമാൻ തസ്തികയിലെ റാങ്ക് ലിസ്റ്റ്</u>

1963 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ തുറമുഖ വകുപ്പിൽ സീമാൻ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് ഇതുവരെ നിയമനം നൽകിയെന്ന് അറിയിക്കുമോ;

(ഡി) റാങ്ക് ലിസ്റ്റിന്റെ കാലാവധി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

ബിവറേജസ് കോർപ്പറേഷനിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ-കം-ഓപ്പറേറ്റർ റാങ്ക് ലിസ്റ്റ്

1964 ശ്രീ. വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ കമ്പ്യൂട്ടർ പ്രോഗ്രമർ - കം - ഓപ്പറേറ്റർ തസ്തികളിലേക്കുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ്; ഇതുവരെ പ്രസ്തുത തസ്തികയിലേക്ക് വിവിധ ഘട്ടങ്ങളിലായി എത്ര വേക്കൻസികൾ പി.എസ്.സി ക്ക് റിപ്പോർട്ടുകൾ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഘട്ടം ഘട്ടം ആയി റിപ്പോർട്ട് ചെയ്ത വേക്കൻസികൾക്കായി പി.എസ്.സി വീണ്ടും അപേക്ഷ ക്ഷണിച്ച് പരീക്ഷ നടത്താനുദ്ദേശിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ള എല്ലാ വേക്കൻസികളിലും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ഹെഡ്ക്വാർട്ടേഴ്സ് നിയമനത്തിലെ സീനിയോറിറ്റി</u>

1965 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ മറ്റു ജില്ലകളിൽ നിന്ന് തലസ്ഥാനത്ത് നിയമനം ലഭിക്കുകയും ജോലിയിൽ തുടരവെ സ്വന്തം ജില്ലയിൽ ഓഫീസുകൾ ഇല്ലാത്ത കാരണത്താൽ മറ്റു വകുപ്പുകളിലേയ്ക്ക് അന്തർ വകുപ്പ് മാറ്റം ലഭിക്കുമ്പോൾ ആദ്യ നിയമനം മുതലുള്ള സീനിയോറിറ്റി നൽകണമെന്ന നിർദ്ദേശം പി.എസ്.സി അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; അതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട പൊതുഭരണ വകുപ്പിൽ ഉപദേശം സി3/7493/2012/പി& എ.ആർ.ഡി ഫയലിൽ എന്തെങ്കിലും തീരുമാനം ആയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

നിയമന ഏജൻസികൾ മുഖേനയല്ലാതെ നടന്ന നിയമനങ്ങൾ

1966 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങിയ നിയമന ഏജൻസികൾ മുഖേനയല്ലാതെ വിവിധ ഓഫീസുകളിലെ തസ്തികകളിലേയ്ക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിയമിക്കപ്പെട്ടവർ ഏത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ ഏതെല്ലാം; വിശദാംശം നൽകാമോ; അതിനു സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(സി) ഇത്തരം ജീവനക്കാരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് പ്രതിമാസം ശമ്പളം മറ്റ് അലവൻസുകൾ എന്നീയിനത്തിൽ നൽകിവരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>തസ്തികമാറ്റം വഴിയുള്ള ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് നിയമനം</u>

1967 ശ്രീമതി.പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയുടെ (നേരിട്ടുള്ള നിയമനവും തസ്തികമാറ്റം വഴിയുള്ള നിയമനവും) വിജ്ഞാപനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ തസ്തികമാറ്റം വഴിയുള്ള നിയമനത്തിന്റെ എണ്ണം വിജ്ഞാപനസമയത്ത് എത്ര ശതമാനം ആയിരുന്നു;

(സി) പ്രസ്തുത തസ്തികയിൽ 2010 ലെ ശമ്പളപരിഷ്ക്കരണ പ്രകാരം തസ്തികമാറ്റം വഴിയുള്ള നിയമനത്തിന്റെ എണ്ണം എത്ര ശതമാനമാണ്;

(ഡി) പ്രസ്തുത തസ്തികയിൽ ഒന്നാം ഘട്ടമെന്ന നിലയിൽ 140 പേരെ നിയമിച്ചപ്പോൾ തസ്തികമാറ്റം വഴി എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

ഹയർ സെക്കന്ററി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നികത്താൻ നടപടി

1968 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ എത്ര താല്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നു എന്നുള്ള വിവരം തസ്തിക തിരിച്ച് ലഭ്യമാക്കുമോ ;

(ബി) തസ്തികകൾ വെട്ടിക്കുറക്കുന്നതിന് എക്സ്പെന്റിച്ചർ കമ്മിറ്റിയുടെ ശുപാർശ നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഹയർ സെക്കന്ററി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ ആയിരത്തോളം ഒഴിവുകൾ ഉണ്ടായിട്ടും പ്രസ്തുത തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ പി.എസ്.സി. കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) വിവിധ വകുപ്പുകളിൽ എൻട്രി കേഡർ തസ്തികകളിൽ മൂവായിരത്തോളം ഒഴിവുകൾ ഉണ്ടായിട്ടും 1000 ഒഴിവുകൾ പോലും റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**12.02.2013-ലെ മറുപടിക്ക്**

<u>നിയമവിരുദ്ധ പ്രവർത്തനങ്ങളെപ്പറ്റിയുള്ള വിവരം നൽകൽ</u>

1969 ശ്രീ. പി.കെ.ഗുരുദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

നിയമവിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവരം നൽകുന്നവരെ സർക്കാർ പ്രോത്സാഹിപ്പിക്കുവാനോ, സംരക്ഷിക്കുവാനോ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ലഹരിമരുന്ന് കേസ്സുകൾക്കായി പ്രത്യേക കോടതി</u>

1970 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലഹരി മരുന്ന് കേസ്സുകൾക്കായി പ്രത്യേക കോടതി എല്ലാ സംസ്ഥാനങ്ങളും സ്ഥാപിക്കണമെന്ന സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ലഹരി മരുന്ന് കേസ്സുകൾ സംസ്ഥാനത്ത് ഇപ്പോൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ലഹരി മരുന്ന് കേസ്സുകൾ തീർപ്പാക്കുന്നതിൽ സംസ്ഥാനത്തെ വിവിധ കോടതികളിൽ വലിയ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരം കേസ്സുകളിൽ കുറ്റപത്രവും മറ്റ് രേഖകളും ഇലക്ട്രോണിക് രൂപത്തിൽ ഫയൽ ചെയ്യാൻ അനുവദിക്കണമെന്ന ബഹു. സുപ്രീംകോടതിയുടെ വളരെ പ്രധാനപ്പെട്ട നിരീക്ഷണം നടപ്പിൽ വരുത്തി ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനത്ത് അതിവേഗ കോടതികൾ സ്ഥാപിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വിമുക്തഭടൻമാരുടേയും സൈനികരുടേയും പ്രശ്നപരിഹാര നടപടികൾ</u>

1971 ശ്രീ. ഷാഫി പറമ്പിൽ
,, എം. എ വാഹീദ്
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിമുക്തഭടൻമാരുടേയും സൈനികരുടേയും പ്രശ്നങ്ങൾ പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതുവരെ ലഭിച്ച പരാതികളിൽ എന്ത് നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പരാതികൾ സമയബന്ധിതമായി പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) വിമുക്തഭടൻമാരുടെയും സൈനികരുടെയും പുനരധിവാസത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) ഇവർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായധനത്തിന്റെ വിതരണം</u>

1972 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിക്കുകയും കൈപ്പറ്റുന്നതിനുമുമ്പ് അപേക്ഷകർ മരണപ്പെടുന്ന കേസ്സുകളിൽ അപേക്ഷകരുടെ കുടുംബങ്ങൾക്ക് പ്രസ്തുതതുക ലഭിക്കാതെ പോകുന്ന സാഹചര്യം നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2,000/- രൂപ മുതൽ 10,000/- രൂപ വരെയുള്ള തുക കൈപ്പറ്റുന്നതിലേയ്ക്ക് അവകാശസർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ;

(സി) നിലവിൽ ഇത്തരത്തിലുള്ള തുക വിതരണം ചെയ്യുന്നതിന് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ഡി) നാമമാത്രമായ തുകകൾ വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള മറ്റു പ്രാദേശിക ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുവാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>തവന്നൂർ മണ്ഡലത്തിലുള്ളവർക്ക് അനുവദിച്ച ചികിൽസാ ധനസഹായം</u>

1973 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് തവനൂർ മണ്ഡലത്തിലേക്ക് എം.എൽ.എ മുഖേന എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആകെ എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്;

(സി) ഇതിൽ എത്ര പേർക്ക് ഇതിനകം ധനസഹായം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) ഇനി എത്ര പേർക്കാണ് ധനസഹായം വിതരണം ചെയ്യാനുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>എന്‍ഡോസള്‍ഫാന്‍ ദുരന്തബാധിതര്‍</u>

1974 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ എന്‍ഡോസള്‍ഫാന്‍ ദുരന്തബാധിതരുടെ ആകെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം എത്ര ദുരന്തബാധിതര്‍ക്കാണ് ധനസഹായം നല്‍കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഒരു സഹായവും ലഭിച്ചിട്ടില്ലാത്ത ദുരന്തബാധിതരെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി</u>

1975 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഇപ്പോൾ എത്ര ജീവനക്കാർ ജോലിചെയ്യുന്നു ; വ്യക്തമാക്കുമോ ;

(ബി) അതോറിറ്റിയിലെ പ്രസ്തുത ജീവനക്കാരുടെ തസ്തികകൾ എപ്രകാരമെന്ന് വ്യക്തമാക്കുമോ;

(സി) ദുരന്തനിവാരണ അതോറിറ്റിയിലെ ജീവനക്കാരെ നിയമിക്കുന്നതിനുള്ള യോഗ്യതകളും മാനദണ്ഡങ്ങളും എന്തെല്ലാമാണ്;

(ഡി) പ്രസ്തുത മാനദണ്ഡം കർശനമായി പാലിക്കപ്പെട്ടുതന്നെയാണോ നിയമനങ്ങൾ നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) നിശ്ചിത യോഗ്യതയിൽ ഇളവുവരുത്തിയും മാനദണ്ഡങ്ങൾ മറികടന്നും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ നിയമനങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ളം, കൃഷി എന്നീ മേഖലകളിൽ സ്വീകരിച്ചിട്ടുള്ള ദുരിതനിവാരണ നടപടികൾ</u>

1976 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഠിനമായ വരൾച്ച നേരിടുന്ന സംസ്ഥാനത്ത് കുടിവെള്ളം, കൃഷി എന്നീ മേഖലകളിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള ദുരിതനിവാരണ നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ബി) വരൾച്ചയും, അനുബന്ധമായ കെടുതികളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിന് എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(സി) വരൾച്ചാദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി ഓരോ ജില്ലകൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള തുക എത്ര വീതമാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മരണപ്പെട്ട ജയാനന്ദന്റെ കുടുംബത്തിന് ദുരിതാശ്വാസ സഹായം</u>

1977 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ മത്സ്യബന്ധനത്തിനിടെ മരണപ്പെട്ട ജയാനന്ദന്റെ ഭാര്യ മുക്രവളപ്പിൽ നിഷ, ദുരിതാശ്വാസ സഹായത്തിനായി നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനം എന്ന് ലഭിച്ചു എന്നും അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ;

(ബി) മരണപ്പെട്ട ജയാനന്ദന്റെ കുടുംബത്തിന് എപ്പോൾ ദുരിതാശ്വാസ സഹായം ലഭ്യമാക്കും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ആശ്രിത നിയമനം</u>

1978 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതിപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര നിയമനങ്ങൾ നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ആശ്രിതനിയമനപദ്ധതിപ്രകാരം ജോലിക്ക് അവസരം കാത്ത് നിൽക്കുന്ന മുഴുവൻ പേർക്കും ജോലി നൽകുമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്രപേർക്ക് നിയമനം നൽകിയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം എത്ര പേർ നിയമനം കാത്ത് നിൽക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

അക്രമങ്ങളിൽ കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്ക് ധനസഹായം

1979 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അക്രമങ്ങളിലും മറ്റും കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാറുണ്ടോ; ഇല്ലെങ്കിൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സ്വാതന്ത്ര്യസമരസേനാനി പരേതനായ മൊയ്തീന്റെ ഭാര്യയ്ക്ക് കുടുംബ പെൻഷൻ</u>

1980 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമരസേനാനി ചാലക്കുടി, കാഞ്ഞിരപ്പറമ്പിൽ പരേതനായ മൊയ്തീന്റെ ഭാര്യ ശ്രീമതി ഐഷുമ്മയ്ക്ക് കേന്ദ്ര സ്വാതന്ത്ര്യ സമര സേനാനികളുടെ കുടുംബത്തിനുള്ള പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ;

(ബി) ബഹു. ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം എൻ. എ.സി.റ്റി. സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്ത് പെൻഷൻ ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>അന്തർസംസ്ഥാന നദീജലകരാറുകൾപ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കാനുള്ള നടപടി</u>

1981 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അരനൂറ്റാണ്ടുകാലത്തിലെ ഏറ്റവും കടുത്ത വരൾച്ചയെ സംസ്ഥാനം അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ അത് നേരിടുവാൻ സ്വീകരിച്ചുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) അന്തർസംസ്ഥാന നദീജല കരാറുകൾപ്രകാരം കേരളത്തിന് ലഭിക്കേണ്ട മുഴുവൻ ജലവും സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പറമ്പിക്കുളം - ആളിയാർ കരാർ ലംഘനം</u>

1982 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരം തമിഴ്നാട് കേരളത്തിന് ജലം നൽകാത്തതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിന്റെ സുപ്രധാന തീരുമാനങ്ങളുടെ വിശദാംശം നൽകുമോ;

(ബി) ഇക്കാര്യത്തിൽ സമയബന്ധിതമായി സ്വീകരിയ്ക്കുന്ന നടപടികളുടെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പറമ്പിക്കുളം-ആളിയാർ കരാർ</u>

1983 ശ്രീ. എ. കെ. ബാലൻ
,, വി. ചെന്താമരാക്ഷൻ
,, കെ. രാധാകൃഷ്ണൻ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി പ്രകാരം ലഭ്യമാകേണ്ട ജലം 2012 നവംബർ മുതലുള്ള മാസങ്ങളിൽ കൃത്യമായി ലഭിച്ചിട്ടുണ്ടോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കരാർ പ്രകാരമുള്ള ജലം ലഭ്യമാകാത്തതിനാൽ പാലക്കാട് ജില്ലയിൽ ആയിരക്കണക്കിന് ഏക്കർ സ്ഥലത്തു കൃഷി നശിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൃഷി സംരക്ഷിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചത്;

(സി) കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കാനായി തമിഴ്നാടുമായി ബന്ധപ്പെട്ടിരുന്നുവോ; മറുപടി എന്തായിരുന്നുവെന്ന് അറിയിക്കുമോ; ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിനെ സമീപിച്ചിരുന്നുവോ; നിലപാട് എന്തായിരുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>പി.എ.പി കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം</u>

1984 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എ.പി. കരാർപ്രകാരം മണക്കടവ് വഴി കേരളത്തിനർഹതപ്പെട്ട 7.25 ടി.എം.സി. ജലം നേടിയെടുക്കുവാൻ കഴിയാതിരുന്നതുമൂലമാണ് പാലക്കാട് ജില്ലയുടെ പലഭാഗത്തും കടുത്ത വരൾച്ച നേരിടേണ്ടിവന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കർഷകർ കടുത്ത കാർഷിക നഷ്ടം നേരിടുന്നതിനാൽ സത്വര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>അന്തർ സംസ്ഥാന ജലകരാറുകൾ</u>

1985 ശ്രീമതി. കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാവേരീജലകരാർ പ്രകാരം ഓരോവർഷവും സംസ്ഥാനത്ത് ലഭിക്കേണ്ട ജലം എത്ര;

(ബി) ലഭ്യമല്ലാത്ത ജലം ലഭ്യമാക്കുന്നതിനായി എന്ത് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(സി) കാവേരി ട്രിബ്യൂണൽ പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട ജലം മറ്റേതെങ്കിലും സംസ്ഥാനം ഉപയോഗിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇവ തടയാനും സംസ്ഥാനത്തിനുള്ള ജലം നേടിയെടുക്കാനും എന്തൊക്കെ അടിയന്തിരനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) പാമ്പാർ, ഭവാനി, കബനി എന്നീ നദികളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട ജലം എത്ര വർഷമായി ലഭിക്കുന്നില്ല;

(എഫ്) പ്രസ്തുത നഷ്ടം മറ്റെന്തെങ്കിലും മാർഗ്ഗം വഴി നേടിയെടുക്കുന്നതിനായി ഒരു പഠനം നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ജി) പറമ്പിക്കുളം - ആളിയാർ പദ്ധതി പ്രകാരം ജലം ലഭിച്ചാൽ വേനൽ ചൂടിൽ നിന്നും പാലക്കാടൻ മേഖലയെ സംരക്ഷിക്കാൻ കഴിയും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ പ്രസ്തുത ജലം ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കാവേരി നദീജലതർക്ക ട്രൈബ്യൂണൽ</u>

1986 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാവേരി നദീജലതർക്ക ട്രൈബ്യൂണൽ അന്തിമവിധി പ്രകാരം, കേരളത്തിൽ കാവേരി, ഭവാനി, പാമ്പാർ എന്നീ സബ്ബേസിനുകളിൽ നിന്നും എത്ര ടി.എം.സി. ജലം വീതമാണ് ലഭിക്കേണ്ടത്;

(ബി) അനുവദിക്കപ്പെട്ട ജലം മുഴുവൻ ലഭിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസുകളിൽ ജോലിസമയത്ത് ചീട്ടുകളിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി</u>

1987 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ജോലി സമയത്ത് ചീട്ടുകളിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിക്കുന്ന അച്ചടക്ക നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) കോഴിക്കോട് വെസ്റ്റ് ഹിൽ എൻ.സി.സി. സെന്ററിൽ ജോലി സമയത്ത് ഉദ്യോഗസ്ഥർ ചീട്ടുകളിച്ചതായി ഫോട്ടോ സഹിതം പത്രത്തിൽ വാർത്ത വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ ?